പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2527      18.06.2014 ൽ മറുപടിക്ക്.

## സ്വകാര്യ മേഖലയിലെ നേഴ്സുമാർക്ക് മിനിമം വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എളമരം കരീം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എസ്. ശർമ്മ | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മേഖലയിലെ നേഴ്സുമാർക്ക് ദീർഘകാല സമരത്തെ തുടർന്ന് സർക്കാർ നിശ്ചയിച്ച മിനിമം വേതനം സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ നൽകുന്നുണ്ടോ എന്ന കാര്യത്തിൽ സർക്കാർ പരിശോധന നടത്തിയിരുന്നോ; വിശദ വിവരം ലഭ്യമാക്കുമോ; | (എ) | സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതനം ഉറപ്പാക്കുവാൻ തൊഴിൽവകുപ്പ് ജില്ലകൾ തോറും സ്ക്വാഡ് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ നിയമ ലംഘനം കണ്ടെത്തുന്ന കേസുകളിൽ ക്ലെയിം പെറ്റിഷനും, ഫയൽ ചെയ്ത് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) നേഴ്സുമാരുടെ എന്തൊക്കെ അടിസ്ഥാന തൊഴിൽ സൗകര്യം ഉറപ്പാക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്; ആശുപത്രി ഉടമകൾ ഇത് നടപ്പാക്കിയോ എന്ന കാര്യം പരിശോധിച്ചിരുന്നോ; | (ബി) | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, മിനിമം വേതന നിയമം, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമം, മെറ്റേർണിറ്റി ബെനഫിറ്റ് നിയമം തുടങ്ങിയ തൊഴിൽ നിയമങ്ങൾ പ്രകാരം ലഭിക്കേണ്ട അടിസ്ഥാന തൊഴിൽ |

സൗകര്യങ്ങൾ തൊഴിലാളികൾക്ക് നിർബന്ധമായും ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 1960–ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ലഭ്യമാക്കേണ്ട 8 മണിക്കൂർ ജോലി സമയം, അധികസമയ ജോലിക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയം, ആഴ്ച അവധി, ശമ്പളത്തോടുകൂടിയ വാർഷിക അവധികൾ, ആരോഗ്യ സുരക്ഷിതത്വ പരിപാലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ നിർബന്ധമായും നഴ്സുമാർക്ക് നൽകണമെന്ന് ഉടമകളോട് നിർദ്ദേശിച്ചിട്ടുണ്ട്. 1948–ലെ മിനിമം വേതന നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകണമെന്നും, 1958–ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളി ഡേയ്സ്) നിയമപ്രകാരം ലഭിക്കേണ്ട ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധിദിനങ്ങൾ, ഇ.എസ്.ഐ നിയമം ബാധകമല്ലെങ്കിൽ, 1961–ലെ മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട് പ്രകാരം സ്ത്രീ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവയും നിർബന്ധമായും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലകൾ തോറുമുള്ള സ്ക്വാഡ് പരിശോധനാ വേളയിൽ മേൽപ്പറഞ്ഞിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ചുവരുന്നു.

(സി) നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ ഇതുവരെ എടുത്ത നടപടികൾ അറിയിക്കാമോ?

(സി) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും, ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോ

ധന നടത്തി നിയമലംഘനങ്ങൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനത്ത് 2013–14 കാലയളവിൽ സ്വകാര്യ ആശുപത്രികളിൽ നടത്തിയ സ്ക്വാഡ് പരിശോധനകളിൽനിന്നും മിനിമം വേതനം നൽകാത്ത 27 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ.